**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 913

06.06.2018 ലെ
മറുപടിയ്ക്ക്.

## മൂവാറ്റുപുഴ ആയവനയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ

**ചോദ്യം**
**ശ്രീ.എൽദോ എബ്രഹാം**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ
ക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ ആയവനയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ? | (ബി) | ഇതിനായി മൂവാറ്റുപുഴ താലൂക്കിൽ കല്ലൂർക്കാട്, ഏറനല്ലൂർ വില്ലേജിൽപ്പെട്ട 12 ഏക്കർ 9 ½ സെന്റ് സ്ഥലം മിച്ച ഭൂമിയായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ വകുപ്പിന്റെ കൈവശമുള്ള പ്രസ്തുത ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിന് വിട്ടുതരുന്നതിന് റവന്യൂ വകുപ്പ് തയ്യാറുമാണ്. എന്നാൽ കാട്ടാംകോട്ടയിൽ ഐപ്പ് മത്തായി എന്നൊരാൾ കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് പ്രവർത്തനം ആരംഭിക്കുന്നതിന് കോടതി സ്റ്റേ നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ